# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 218

20.06.2012-ൽ മറുപടിയ്ക്ക്

## ഡാമുകളിൽ നിന്ന് മണൽ ശേഖരിക്കുന്നതിന് നടപടി

ചോദ്യം : ശ്രീ. ബി. ഡി. ദേവസ്സി
ഡോ. ടി.എം.തോമസ് ഐസക്
ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീ. വി. ശിവൻകുട്ടി

ഉത്തരം: ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ജലസേചന വകുപ്പുവക ഡാമുകളിൽ നിന്ന് മണൽ ശേഖരിക്കുന്നതിനുള്ള പദ്ധതി ഈ സർക്കാർ പ്രഖ്യാപിച്ചുരുന്നോ ; വിശദമാക്കാമോ ; | (എ) പ്രഖ്യാപിച്ചിരുന്നു. 2011-2012 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ (ഇനം 192) യന്ത്രസഹായത്തോടുകൂടി ഡാമിൽ നിന്ന് വാരിയെടുക്കുന്ന മണലും ചെളിയും വേർതിരിച്ചെടുത്ത് ആവശ്യമായ ശുദ്ധമായ മണൽ ലഭ്യമാക്കുവാനും അതു വഴി വർദ്ധിച്ച വരുമാനം ഉറപ്പുവരുത്തുന്നതാണ് എന്ന് പ്രഖ്യാപിച്ചിരുന്നു. |
| (ബി) പദ്ധതി പ്രാവർത്തികമായോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;<br><br>(സി) സംസ്ഥാനം നേരിടുന്ന കടുത്ത മണൽ ക്ഷാമം പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത് ; വ്യക്തമാക്കുമോ ? | (ബി)&(സി) 2012 മാർച്ചിൽ സർക്കാർ തലത്തിൽ കൂടിയ യോഗതീരുമാന പ്രകാരം. നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് സംസ്ഥാനത്തെ അണക്കെട്ടു കളിൽ നിന്ന് മണൽ ശേഖരിക്കുന്നതു സംബന്ധിച്ചുള്ള പ്രൊപ്പോസലുകൾ ട്രാവൻ കൂർ സിമന്റ്സ് ലിമിറ്റഡും KEMDEL (കേരള മിനറൽ ഡവലപ്പ്മെന്റ് കോർപ്പറേഷൻ) ഉം സമർപ്പിക്കുകയുണ്ടായി. പ്രൊപ്പോസലുകളുടെ പ്രായോഗിത സംബന്ധിച്ച കാര്യങ്ങൾ സർക്കാർ തലത്തിൽ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. പരിശോധനയുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ